UNIVERSITY OF CALICUT

(DSFC-J)

No: 106879/ASST-J2-DSFC/2017/Admn Dated,Calicut University P.O 21.02.2023

## NOTIFICATION

കാലിക്കറ്റ് സർവകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ചക്കിട്ടപാറ ബി പി എഡ് സെന്ററിൽ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ അവരുടെ ബയോ-ഡാറ്റ സർവ്വകലാശാല വെബ് സൈറ്റ് (www.uoc.ac.in) മുഖേനെ 20.03.2023-നോ അതിനുമുമ്പോ ഓൺലൈനായി സമർപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

അഭിമുഖത്തിന് ഷോർട്ട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളെ ഇ-മെയിൽ/മൊബൈൽ ഫോൺ വഴി അറിയിക്കുന്നതാണ്. ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് നിലവിലുള്ള ഒഴിവ് നികത്തുകയും, ഭാവിയിൽ സെന്ററിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ ഈ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നത് സംബന്ധിച്ച് സർവകലാശാല ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്.

| തസ്തിക | യോഗ്യത | നിലവിലെ ഒഴിവുകളുടെ എണ്ണം | വിഭാഗം | പ്രതിമാസ ഏകീകൃത ശമ്പളം |
|---|---|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ(കരാർ അടിസ്ഥാനത്തിൽ) | 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ഫിസിക്കൽ എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദം.<br><br>ബന്ധപ്പെട്ട വിഷയത്തിൽ നാഷണൽ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് അല്ലെങ്കിൽ പിഎച്ച്.ഡി. നേടിയിരിക്കണം | 2 | പിഎച്ച്.ഡി. യോഗ്യത നേടിയവർ. | 31,000/- രൂപ |
| | | | നെറ്റ് യോഗ്യത നേടിയവർ. | 30,000/- രൂപ |

| | | | | |
|---|---|---|---|---|
| | (നെറ്റ്/പിഎച്ച്.ഡി. യോഗ്യതയുള്ളവരുടെ അഭാവത്തിൽ വ്യവസ്ഥകളോടെ പ്രസ്തുത യോഗ്യത ഇല്ലാത്ത ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്) | | | |
| | | | നെറ്റ്/പിഎച്ച്.ഡി. യോഗ്യത നേടാത്തവർ. | 27,000/- രൂപ |

**<u>പൊതു നിർദ്ദേശങ്ങൾ</u>**

1. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കായിരിക്കും നിയമനം നൽകുന്നത്.

2. ഉയർന്ന പ്രായപരിധി: 64 വയസ്സ്

3. ഇന്റർവ്യൂവിന് ഷോർട്ട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രായം, യോഗ്യത, പരിചയ സമ്പത്ത്, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ അഭിമുഖ സമയത്ത് ഹാജരാക്കണം.

4. മറ്റ് സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ നിന്നും യോഗ്യതാ പരീക്ഷ പാസായ ഉദ്യോഗാർത്ഥികൾ ഈ സർവകലാശാല നൽകിയ തുല്യതാ സർട്ടിഫിക്കറ്റ് അഭിമുഖ സമയത്ത് ഹാജരാക്കണം.

5. ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്ര ബത്ത അനുവദിക്കുന്നതല്ല.

Dr. Satheesh.E.K

Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ

Copy to

റിക്രൂട്ട്മെന്റ് സെക്ഷൻ/ഡിജിറ്റൽ വിങ്ങ്/ കോർഡിനേറ്റർ ഇൻ ചാർജ്, ബി പി എഡ് സെന്റർ ചക്കിട്ടപാറ